തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

ഫെബ്രുവരി 2025

CTSPCW2402

## താരതമ്യസാഹിത്യ വിവർത്തനപഠനം
## മതവും ദേശീയതയും

സമയം : 3 മണിക്കൂർ
മാർക്ക് : 100

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.** (8*5 = 40)

1. കൊളോണിയൽ നരവംശശാസ്ത്രവും ജനസംഖ്യാ കണക്കെടുപ്പുകളും ഇന്ത്യൻ പൗരസമൂഹത്തെക്കുറിച്ച് രൂപീകരിച്ച ആശയങ്ങൾ എന്തെല്ലാം?
2. സാംസ്കാരികദേശീയവാദവും രാഷ്ട്രീയദേശീയവാദവും തമ്മിലുള്ള വ്യത്യാസമെന്ത് ?
3. വിവേകാനന്ദന്റെ സ്വാതന്ത്ര്യസങ്കൽപത്തെ വിമർശനാത്മകമായി വിലയിരുത്തുക?
4. ജ്യോതിറാവു ഫൂലേയുടെ പുരാണവിമർശനത്തിന്റെ പ്രതിരോധമൂല്യം എന്ത് ?
5. സ്ത്രീകൾ അനുഭവിക്കുന്ന അടിമത്തത്തിന് മുഖ്യകാരണം മതങ്ങളാണെന്ന് പെരിയാർ വിശ്വസിക്കുന്നത് എന്തുകൊണ്ട്?
6. സാമൂഹ്യശാസ്ത്രപഠനങ്ങളിൽ അപമാനം എന്നത് ഒരു താക്കോൽ വാക്കായി മാറുന്നത് എങ്ങനെ ?
7. മതപരിവർത്തനത്തെക്കുറിച്ച് ഹെർമൻ ഗുണ്ടർട്ട് അവതരിപ്പിച്ച ആശയങ്ങൾ ക്രോഡീകരിക്കുക.
8. സർവമതസമ്മേളനം അവതരിപ്പിച്ച സഹജീവനത്തിന്റെ ദർശനം എന്തായിരുന്നു ?
9. സാഹിതീയ പൊതുമണ്ഡലം മലയാളഭാഷയിൽ സൃഷ്ടിച്ച പുതിയ സാഹിത്യജനുസുകളുടെ സാമാന്യസ്വഭാവം എന്തായിരുന്നു ?
10. ആര്യസമാജവും ബ്രഹ്മസമാജവും മുന്നോട്ടുവെച്ച ആദർശങ്ങളുടെ പ്രധാന പരിമിതികൾ എന്തെല്ലാം?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.** (3*20=60)

11. ബംഗാൾ നവോത്ഥാനത്തെ സംബന്ധിച്ച് ഉയർന്നുവന്ന വിമർശനങ്ങൾ എന്തെല്ലാം ?
12. കേരളത്തിൽ അടിമത്തത്തെക്കുറിച്ച് സമീപകാലത്തുണ്ടായ പഠനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
13. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് പ്രധാനമായും രണ്ട് തരം അടിമത്തങ്ങൾക്കെതിരെ പോരാടേണ്ടതുണ്ടായിരുന്നു. ഏതൊക്കെയായിരുന്നു അവ? വിശദീകരിക്കുക.
14. മതത്തെപ്പറ്റി ശ്രീ നാരായണഗുരു അവതരിപ്പിച്ച ആശയങ്ങൾക്ക് സമകാലത്തുള്ള പ്രസക്തി എന്ത് ?

******